WEDNESDAY

17.07.2024

ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/07/2024

1. കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (17.07.2024) രാവിലെ 11:30 ന് സെക്രട്ടറിയേറ്റ് അങ്കണത്തിൽ വച്ച് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. കൃഷിവകുപ്പ് മന്ത്രിപി. പ്രസാദ് ചടങ്ങിന് അധ്യക്ഷത വഹിക്കും. മന്ത്രിമാർ, ജനപ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുന്നു.

2. കർഷക തൊഴിലാളി വിദ്യാഭ്യാസ ധനസഹായം കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് 2023-24 അധ്യയന വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ/ എയ്ഡഡ് സ്കൂളിൽ വിദ്യാഭ്യാസം നടത്തിയവരും 2023-24 വർഷത്തെ എസ്.എസ്.എൽ.സി/ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ 75ഉം അതിൽ കൂടുതൽ പോയിൻ്റ് നേടിയവരും പ്ലസ്ട/വി.എച്ച്.എസ്.ഇ പരീക്ഷയിൽ 85 ശതമാനം മാർക്ക് നേടിയവരുമായ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നുമാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മാതാപിതാക്കളിൽ നിന്ന് നിശ്ചിത ഫോമിലെ അപേക്ഷ ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജൂലൈ ഒന്നു മുതൽ 31ന് വൈകിട്ട് അഞ്ചുവരെയും അപ്പീൽ അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഓഗസ്റ്റ് 12 വൈകിട്ട് അഞ്ചുവരെയും സ്വീകരിക്കും. അപേക്ഷ ഫോം www.agriworkersfund.org യിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അംഗത്വ പാസ് ബുക്കിൻ്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെപകർപ്പ്, റേഷൻ കാർഡിൻ്റെ പകർപ്പ് എന്നിവ സമർപ്പിക്കണം. കൂടുതൽ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

വിവരങ്ങൾക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്‍റെ ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടുക.

3. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഒരു ദിവസം പ്രായമായ ബി. വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്. ആവശ്യമുള്ളവർ, രാവിലെ 10.00 മണിമുതൽ വൈകുന്നേരം 5.00 മണി വരെ 9495000915 എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

4. ക്ഷീരവികസന വകുപ്പിന്‍റെ വാർഷിക പദ്ധതി 2024-2025 എംഎസ്ഡിപി പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരലയം യൂണിറ്റിനുള്ള അപേക്ഷകൾ ക്ഷണിച്ചു. തോട്ടം മേഖലയിലെ തൊഴിലാളികളുടെ വരുമാന വർദ്ധനവിനായി ക്ഷീരവികസന വകുപ്പ് ഇടുക്കി ജില്ലയിൽ പ്രത്യേകമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. വകുപ്പിന്റെ നേതൃത്വത്തിൽ ക്ഷീരസഹകരണ സംഘങ്ങളുടെ സഹകരണത്തോടെ ലയത്തിലെ തൊഴിലാളികൾക്ക് കാലികളെ വളർത്തുന്നതിനാവശ്യമായ തൊഴുത്ത് നിർമ്മിക്കുന്നതിനും കാലികളെ വാങ്ങുന്നതിനും അവയെ പരിപാലിക്കുന്നതിനുമുള്ള പദ്ധതിയാണ് ക്ഷീരലയം. ഒരു ക്ഷീരലയത്തിന് 11 ലക്ഷം രൂപയാണ് വകുപ്പ് ധനസഹായം വകയിരുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടുക.

5. മൃഗസംരക്ഷണ വകുപ്പ് വയനാട് ജില്ലയിൽ രാത്രികാല മൃഗചികിത്സാ വീട്ടുപടിക്കൽ പദ്ധതിയിലേക്ക് വെറ്ററിനറി ഡോക്ടറെ താത്ക്കാലികമായി നിയമിക്കുന്നു. ബി.വി.എസ്.സി, കേരളാ വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുള്ളവർക്ക് അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ യോഗ്യതാ സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ രേഖയുടെ അസലും പകർപ്പുമായി ഇന്ന് (2024 ജൂലൈ 17) രാവിലെ 11 ന് കൽപ്പറ്റ ജില്ലാ മൃഗസംരക്ഷണ

ഓഫീസിൽ അഭിമുഖത്തിന് എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് 04936 202292 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. ഭാരത സർക്കാർ സൂക്ഷ്മ ചെറുകിട ഇടത്തര സംഭരംഭക മന്ത്രാലയം 2024 ജൂലൈ 25 ന് പാലക്കാട് ജില്ലയിലെ ഹോട്ടൽ ഡ്രീമോട്ടൽ കഞ്ചിക്കോട് വച്ച് Lean and Zed Schemes എന്ന വിഷയത്തിൽ ഒരു ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്നു. MSME യൂണിറ്റുകളിൽ മാലിന്യം കുറയ്ക്കുക, ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക ഉയർന്ന നിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുക ഊർജം ലാഭിക്കുക.പ്രകൃതി വിഭവങ്ങൾ ആവശ്യത്തിനു മാത്രം ഉപയോഗിക്കുക എന്നിവയ്ക്കായി 'സീറോ ഡിഫെക്റ്റ് സീറോ ഇഫക്റ്റ് രീതികൾ സ്വീകരിക്കുക അല്ലെങ്കിൽ ലീൻ ടെക്നിക്കുകൾ നടപ്പിലാക്കുക എന്നീ വിഷയങ്ങളിലാണ് ബോധവൽക്കരണം. കൂടുതൽ വിവരങ്ങൾക്ക് ഡെവലപ്മെന്റ് ആന്റ് ഫെസിലിറ്റേഷൻ ഓഫീസ് തൃശ്ശൂർ , ഫോൺ 0487 2360536, 2360686 എന്നീ ഫോൺ നമ്പറിലോ 9446355562 എന്ന വാട്സ് ആപ്പ് നമ്പരിലോ പാലക്കാട് ജില്ലയിലെ Laghu Udyog Bharati യുടെ 9847217465 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

7. 2024 ജൂലൈ 20 മുതൽ 31 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ **ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ മാസം 19-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക്

ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004.എന്ന വിലാസത്തിലോ, 0471-2440911 എന്ന ഫോൺ നമ്പരിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ '**സംരംഭകത്വത്തിനായി കൂൺ വിത്തുല്പാദനം**' എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി ജൂലൈ മാസം നാലാം വാരം നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ 9446104347, 9645219270 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് ഓഗസ്റ്റ് 5 മുതൽ 9 വരെ 5 ദിവസത്തെ ലാറ്റക്സ് ഉൽപന്നങ്ങളെ സംബന്ധിച്ച് ഒരു പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ് ആപ്പ് നമ്പരിലോ ബന്ധപ്പെടുക.